(ബി) ഇതിനായി നടത്തിയിട്ടുള്ള പ്രാഥമിക എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഫൈനൽ പരീക്ഷ എന്ന് നടത്താനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം കണക്കാക്കിവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഒറ്റപ്പാലം റവന്യൂ ടവർ

9 [1297] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആസ്ഥാനമായ ഒറ്റപ്പാലത്ത് റവന്യൂ ടവർ നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ഫണ്ട് റവന്യൂ വകുപ്പ് വകയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി, സി & ഡി) "എ" ചോദ്യത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

വില്ലേജുമാൻ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്

10 [1298] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജുമാൻ തസ്തികയിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly